(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ആകെ 6591 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മേൽപ്രകാരം നടത്തപ്പെട്ട നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ പ്രകാരം 677 പേരെയും അംഗപരിമിത സംവരണ പ്രകാരം 139 പേരെയും നിയമിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

99 (439) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിക്കൊണ്ട് സഹകരണ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി ; വിവരം ലഭ്യമാക്കുമോ ;

(ബി) അപ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലകപ്പെട്ട സഹകരണ സംഘങ്ങളിൽ, ആറുമാസ കാലയളവിനുശേഷം തെരഞ്ഞെടുപ്പ് നടത്താതെ, അഡ്മിനിസ്ട്രേറ്റർ ഭരണം തന്നെ നടത്തുന്നവ എത്ര എണ്ണം ;

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള എത്ര ഉത്തരവുകൾ റദ്ദായിപ്പോവുകയുണ്ടായിട്ടുണ്ട് ; എത്ര സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പഴയ ഭരണ സമിതിക്കുതന്നെ അധികാരം തിരിച്ചു നൽകേണ്ടതായി വന്നിട്ടുണ്ട് വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 1086 സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 384 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly

(സി) 10 സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. 9 സംഘങ്ങൾക്ക് പഴയ ഭരണസമിതിക്ക് തന്നെ അധികാരം തിരിച്ചു നൽകിയിട്ടുണ്ട്. അതിൽ ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞുപോയതിനാൽ പ്രസ്തുത സംഘത്തിന് ചാർജ് തിരികെ നൽകാൻ കഴിഞ്ഞിട്ടില്ല.

ജില്ലാ സഹകരണ ബാങ്കുകളുടെ സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുന്നതിന് നടപടി

100 (440) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. (സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ) 22.5% പൂർണ്ണമായും സർക്കാർ സെക്യൂരിറ്റികളിലേയ്ക്ക് മാറ്റുവാൻ റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തെ പ്രസ്തുത നടപടി എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം ആകെ എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പ്രശ്നത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്താണ് ?

ഉത്തരം

(എ) റിസർവ് ബാങ്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം 2015 മാർച്ച് 31-ന് മുമ്പ് 5% -വും, 2016 മാർച്ച് 31-ന് മുമ്പ് 10%-വും ബാക്കിയുള്ള തുക 2017 മാർച്ച് 31-ന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ SLR നിരക്ക് 25%-ൽനിന്ന് 22.5% ആയി കുറച്ചതുവഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ വായ്പ

LIBRARY ARCHIVES Kerala Legislative Assembly